മി. ഡെപ്യൂട്ടി സ്പീക്കർ : അത് രേഖയിൽ കാണുകയില്ല.....യെസ്..... രാധാകൃഷ്ണൻ അങ്ങയുടെ സമയം കഴിഞ്ഞു. Are you concluding today?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : കണ്ടിന്യൂ ചെയ്യാം.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

(ചർച്ച തുടരും)

(3) 2003-ലെ കേരള മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്തി മെഡിക്കൽ സീറ്റ് ഇരട്ടിപ്പിക്കലും രോഗികൾക്ക് അധികമായ പരിചരണം ഉപലബ്ധമാക്കലും ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, 2003-ലെ കേരള മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽവരുത്തി മെഡിക്കൽ സീറ്റ് ഇരട്ടിപ്പിക്കലും രോഗികൾക്ക് അധികമായ പരിചരണം ഉപലബ്ധമാക്കലും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. അപ്രായോഗികമായ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്ന ബില്ലു കൊണ്ടുവന്നാൽ എതിർക്കുകയല്ലാതെ എങ്ങനെ അനുവദിക്കാൻ പറ്റും. അതിന്റെ കാരണം പറയാം. ഈ നിയമസഭയിൽ, ഏതെങ്കിലും ഒരു ഗവൺമെന്റ് മുഴുവനായിട്ട് അനുവദിച്ചതായിട്ട് താങ്കൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല. ഇതിൽ.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് അങ്ങേരെ ഏല്പിച്ചതുകൊണ്ട് ചെയ്യുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, ഏതായാലും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ ചുമതല എടുക്കാതെ പുതിയ ഒരു വകുപ്പ് കൂടി രൂപീകരിക്കാൻ ആലോചിക്കുന്ന ഒരു നിലപാട് ഈ പറയുന്ന പരിതഃസ്ഥിതിയിൽ മന്ത്രിയേയും ഉൾപ്പെടുത്താൻ ആലോചിക്കുമോ ? ഈ പറയുന്ന കീടനാശിനി വകുപ്പല്ലാതെ ഒരു എതിർപ്പ് വകുപ്പ് കൂടി ചേർത്താൽ, അവിടെയുള്ള ഗ്രൂപ്പ് തർക്കം കൂടി ചേർത്താൽ ഈ വഴക്ക് തീർക്കാൻ കഴിയും.....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് വരുമ്പോൾ അല്ലേ, ഇപ്പോഴത്തെ കാര്യം പറയൂ.

ശ്രീ. എം. വി. ജയരാജൻ : അങ്ങനെയുള്ള ഒരു മന്ത്രിയെക്കൊണ്ട് ഈ കാര്യം ചെയ്യിക്കുന്നതല്ലെ നല്ലത്.....

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.....യെസ്.....പ്ലീസ്.....

ശ്രീ. എം. എം. ഹസ്സൻ : നിങ്ങൾക്ക് നിരാശയും പ്രയാസവും ഒക്കെ കാണും, എനിക്ക് ഈ ജോലി ചെയ്യാതിരിക്കാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയാണെങ്കിൽ നാലാം ലോകത്തിനുവേണ്ടികൂടി ഒരു പുതിയ വകുപ്പ് ഉണ്ടായാൽ നമ്മുടെയൊക്കെ പ്രശ്നം സെറ്റിൽ ചെയ്യും.

ശ്രീ. എം. എം. ഹസ്സൻ : സർ, കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി മെഡിക്കൽ സീറ്റ് ഇരട്ടിപ്പിക്കണമെന്നും അതോടൊപ്പം രോഗികൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി ഈ ബില്ലിന് നോട്ടീസ് നൽകിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ബില്ലിലെ ആശയം വളരെ സദുദ്ദേശം നിറഞ്ഞതാണ്. പക്ഷേ തികച്ചും അപ്രായോഗികമാണെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഇന്ത്യയിൽ ഒരു മെഡിക്കൽ കോളേജിലും ഷിഫ്റ്റ് സമ്പ്രദായം നിലവിലില്ല. കൂടാതെ മെഡിക്കൽ കോളേജുകളിലെ പാഠ്യപദ്ധതിയും നിലവാരവും പഠനരീതിയും നിശ്ചയിക്കുന്നതിന് ചുമതലയുള്ളത് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് മാത്രമാണ്. കൂടുതൽ മെഡിക്കൽ ബിരുദധാരികൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ രംഗത്ത് സർക്കാരിന് കൂടുതൽ പണം മുടക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിക്കാൻ മുന്നോട്ട് വന്നത്. ഇപ്പോൾ സർക്കാർ ഉടമയിൽ 5 മെഡിക്കൽ കോളേജുകളുണ്ട്. സ്വകാര്യമേഖലയിൽ ആറും സഹകരണ മേഖലയിൽ രണ്ടും മെഡിക്കൽ കോളേജുകളാണ് പ്രവർത്തിക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സീറ്റുകൾ വർദ്ധിപ്പിക്കണമെങ്കിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പുറമെ അദ്ധ്യാപകരുടെയും മറ്റും എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടിവരും. ഇത് വളരെയധികം പണച്ചെലവിന് വഴിതെളിക്കും. ഇത് താങ്ങാനുള്ള സാമ്പത്തികശേഷി സർക്കാരിനില്ല. മറ്റ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാരിന്റെ തന്നെ ഇതേ അവസ്ഥയുണ്ടാകും. ഇത്തരം ഒരു സാഹചര്യത്തിലാണ് ഈ ബില്ലിന് പ്രസക്തിയില്ലെന്ന് എനിക്ക് പറയേണ്ടിവന്നതും ഇതിനെ എതിർക്കേണ്ടിവരുന്നതും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഈ ബില്ല് കൊണ്ടുവരാൻ എന്നെ പ്രേരിപ്പിച്ചത് ഗവൺമെന്റ് വളരെ സദുദ്ദേശത്തോടുകൂടി മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ആളുകൾക്ക് അവസരം ഉണ്ടാക്കാൻ സ്വാശ്രയ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ മുന്നോട്ട് വന്നപ്പോൾ ചില മാനേജുമെന്റുകൾ സാമൂഹിക പ്രതിബദ്ധതയില്ലാതെ അത് കച്ചവടമാക്കാൻ ശ്രമിച്ചപ്പോൾ ഉണ്ടായ സംഭവവികാസങ്ങളാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിനെ എതിർത്തു കൊണ്ട് സംസാരിച്ചത് വസ്തുനിഷ്ഠമല്ല എന്നു പറയുമ്പോൾ അങ്ങ് പരിഭവിക്കരുത് എന്ന് പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു പരിഭവവുമില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഒന്നുകൂടി പറയുകയാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ "സ്ഥലത്തെ പ്രധാന ദിവ്യൻ" എന്ന പുസ്തകത്തിൽ സ്ഥലത്തെ പ്രധാന എതിരൻ എന്ന ഒരു കഥാപാത്രം കൂടിയുണ്ട്. അങ്ങ് ഇങ്ങനെ എല്ലാത്തിനേയും എതിർത്തുകൊണ്ട് നമ്മുടെ നിയമസഭയിലെ പ്രധാന എതിരൻ എന്ന പേര് വാങ്ങിക്കരുത് എന്ന ഒരു അഭ്യർത്ഥനയുണ്ട്. അദ്ദേഹത്തോടുള്ള സ്നേഹം കൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : താങ്കളുടെ അറിവിന് പറയുകയാണ്. ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിക്കുവേണ്ടി അദ്ദേഹത്തിന്റെ വകുപ്പിന്റെ അഭിപ്രായമാണ് പാർലമെന്ററി കാര്യവകുപ്പുമന്ത്രിയായ ഞാൻ ഇവിടെ പറയുന്നത്. അപ്പോൾ എന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന പ്രധാന എതിരാളിയെക്കൂടി താങ്കൾ ഒന്ന് കാണണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇതിലെ എതിരാളിയല്ല. അദ്ദേഹത്തിന്റെ നിയോഗമാണ്—എല്ലാം എതിർക്കുകയെന്നുള്ളത്. നമ്മുടെ പാർലമെന്റിലൊക്കെയുള്ളതു പോലെ ചില സ്വകാര്യബില്ലുകളൊക്കെ അംഗീകരിക്കാനുള്ള തയ്യാറെടുപ്പുകൾ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്നു പറഞ്ഞാൽ മതിയല്ലോ .

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ ഇവിടെ പറയുന്നത്, ഇത് സാമ്പത്തികമായി ബാധ്യത വരുന്ന സമ്പ്രദായമല്ല. ഈ മെഡിക്കൽ കോളേജുകളിലുള്ള സൗകര്യങ്ങൾ നാല് മണിക്കുശേഷം വെറുതെ കിടക്കുകയാണ്. ഇപ്പോൾ സാങ്കേതിക വിദ്യയൊക്കെ വളരെയധികം വളർച്ച പ്രാപിച്ച ഒരു കാലത്ത് നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊക്കെ രാത്രികളിൽ ക്ലാസ് നടക്കുന്നുണ്ട്. സാധാരണ പ്രവർത്തിക്കുന്ന സമയം കഴിഞ്ഞ് ബാക്കിയെല്ലാ സമയവും ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും ഉപകരണങ്ങളും വെറുതെ കിടക്കുകയാണ്. പുറത്തുള്ള എല്ലാ രാജ്യങ്ങളിലും ഇങ്ങനെയുള്ള സ്ഥാപനങ്ങളൊക്കെ സമൂഹത്തിനുവേണ്ടി പ്രയോജനപ്പെടുത്താനുള്ള സംവിധാനങ്ങളായി മാറുകയാണ്. അതിനുള്ള നടപടികളും ഉണ്ടാകുന്നുണ്ട്. അതുപോലെ മെഡിക്കൽ കോളേജുകൾ മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുപോലെ കൂടുതൽ ആളുകൾക്ക് പഠന അവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സാധാരണ കോഴ്സുകൾ നടത്തുവാനുള്ള സംവിധാനം ഉണ്ടാകണമെന്നാണ് എനിക്ക് ഈ ബില്ലിലൂടെ അഭ്യർത്ഥിക്കാനുള്ളത്. മെഡിക്കൽ പ്രവേശന പരീക്ഷയിൽ ഷിഫ്റ്റ് എന്ന് ഉദ്ദേശിച്ചാലും സായാഹ്ന കോഴ്സുകൾ തന്നെയാണ്. ഷിഫ്റ്റ് എന്നുതന്നെയാണ് സായാഹ്ന കോഴ്സുകളെയും പറയുന്നത്. ഏത് ക്ലാസുകൾ ആയാലും ശരി, വെറുതെ കിടക്കുന്ന സമയം, നമ്മൾ എത്രയോ കാശ് ചെലവഴിച്ചുണ്ടാക്കിയ ഈ സംവിധാനങ്ങളൊക്കെ ഒഴിവ് സമയങ്ങളിൽ പ്രയോജനപ്പെടുത്തണം എന്നതാണ് എന്റെ ഉദ്ദേശം. ഇവിടെ താരതമ്യേന ഉയർന്ന റാങ്കുകൾ ലഭിച്ചവർ ഇതുവരെ മെഡിക്കൽ കോളേജിലേക്ക് പ്രവേശനം ലഭിക്കാതെ വിഷമിക്കുകയും, കാശ് ഉള്ളവൻ പേമെന്റ് സീറ്റുകളിൽ പ്രവേശനം നേടുകയും ചെയ്യുമ്പോൾ പഠിക്കാൻ കഴിവുള്ള ആളുകൾ, പ്രവേശന പരീക്ഷയിൽ ഉയർന്ന റാങ്ക് ലഭിച്ചവർ പാവപ്പെട്ടവർ ആയതുകൊണ്ട് മാത്രം അവസരങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു അവസ്ഥയുണ്ടാകാൻ പാടില്ല എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ഒന്നാമത് മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് പ്രായോഗികമല്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. കേരളത്തിലെ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം വേണമെന്ന് ആദ്യം പറഞ്ഞത് എസ്. എഫ്. ഐ.-യാണ്. ഞാൻ സംസ്ഥാന സെക്രട്ടറിയായിരിക്കുമ്പോഴാണ് അതിനുവേണ്ടിയുള്ള ശക്തമായ പ്രക്ഷോഭം ആരംഭിച്ചത്. അതിനെ എതിർത്ത ഒരു സംഘടനയാണ് എം. എസ്. എഫ്. കേരളത്തിൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം വേണ്ട എന്നു പറഞ്ഞ സംഘടനയാണ് മുസ്ലീം സ്റ്റുഡന്റ്സ് ഫെഡറേഷൻ. അന്ന് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ആ ഭാഗത്തായിരുന്നു. ആ വാദത്തോടൊപ്പമായിരുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇപ്പോൾ ഞാൻ ആ ഭാഗത്തല്ല എന്നൊരു ധ്വനിയുണ്ട്. ഞാൻ പറയുന്നത് ഇവിടെ പ്രായോഗികമല്ലെന്ന് പറഞ്ഞു. ഇത് പ്രായോഗികമാക്കുന്ന ഒരുപാട് തലങ്ങളുണ്ട്. ഇതിന്റെ ഉദ്ദേശം പാവപ്പെട്ടവർക്ക് അവസരങ്ങൾ വർദ്ധിപ്പിക്കാൻ മെഡിക്കൽ കോളേജുകളിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്നാണ്. സായാഹ്ന കോഴ്സുകളും നിശാ കോഴ്സുകളും നടത്തുന്നതുകൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യത ഗവണ്മെന്റിന് ഉണ്ടാകുന്നുണ്ട്. ഇവിടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് 1986-ൽ പരേതനായ രാജീവ് ഗാന്ധി ന്യൂ എഡ്യൂക്കേഷൻ പോളിസി കൊണ്ടുവന്നപ്പോൾ യോജന എന്ന ഗവണ്മെന്റ് പബ്ലിക്കേഷനിൽ ജനുവരി 26-ന് റിപ്പബ്ലിക് ഡേയോട് അനുബന്ധിച്ച് ഒരു പ്രത്യേക പതിപ്പ് ഇറക്കിയിരുന്നു. അതിൽ ഹൈദരാബാദ് മോളിക്കുലർ ബയോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകനായിരുന്ന ഡോ. പി. എം. ഭാർഗ്ഗവ എഴുതിയ ഒരു ലേഖനത്തിലെ ഒന്നുരണ്ട് വരികൾ ഞാൻ ഇവിടെ വായിക്കുകയാണ്. "സ്വാതന്ത്ര്യലബ്ധി മുതൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസം 30 ലക്ഷം ചെറുകിട കുടുംബങ്ങളിലും 5 ലക്ഷം വലിയ കുടുംബങ്ങളിലും ഒതുങ്ങുന്ന ആകെ ജനസംഖ്യയുടെ മൂന്ന് ശതമാനത്തിൽ മാത്രം പാരമ്പര്യമായും പ്രത്യേക അവകാശവുമായി നിലനിൽക്കുകയാണ്". അതുപോലെ കേരളത്തെക്കുറിച്ച് നടത്തിയ ചില പഠനങ്ങളിൽ 3.7 ശതമാനം ആളുകൾക്കാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം ലഭിക്കുന്നത്. അപ്പോൾ സമൂഹത്തിലെ താരതമ്യേന വളരെ കുറഞ്ഞ ശതമാനത്തിനു മാത്രമേ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം ലഭിക്കുകയുള്ളൂ. നമ്മൾ അത് കണക്കിലെടുത്തുകൊണ്ടാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചത്. പക്ഷേ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതുകൊണ്ട് ഇവിടെ നമ്മുടെ കുട്ടികൾക്ക് കൂടുതൽ സൗകര്യങ്ങളും അവസരങ്ങളുമുണ്ടായി. പക്ഷേ ഇന്നും പാവപ്പെട്ടവർക്ക് ആ മേഖലയിലേക്ക് കടന്നുപോകാൻ ബുദ്ധിമുട്ടാണ്. പാവപ്പെട്ടവനാകുക എന്നത് വലിയ തെറ്റല്ല. പാവപ്പെട്ടവനുവേണ്ടി ഈ ഗവണ്മെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ ആഗോളവൽക്കരണത്തിന്റെ ഭാഗമായി തുടർന്നുവരുന്ന ഒരു ചിന്തയുണ്ട്. സാമൂഹ്യക്ഷേമ മേഖലകളിൽ നിന്ന് ഗവണ്മെന്റ് പിൻവാങ്ങുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: Are you concluding today? You can continue next time.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ അവസാനിപ്പിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെ വലിയ ആളുകളായി വരുന്നത് അമേരിക്കയും ബ്രിട്ടനുമൊക്കെയാണ്. ബ്രിട്ടനിലെ ടോണി ബ്ലെയറിന്റെ പ്രസ്താവന Our number 1 priority for investment is education. ലേബർ പാർട്ടിയുടെ മാനിഫെസ്റ്റോയിൽ education remains top priority. Knowledge based economy ആണ് ആഗോളവൽക്കരണത്തിന്റെ കാലത്തും ഈ വിദേശ രാഷ്ട്രങ്ങളൊക്കെ സ്വീകരിച്ചുവരുന്നത്. ഇവിടെ മാത്രം വിദ്യാഭ്യാസ രംഗത്ത് നിന്ന് ഗവണ്മെന്റ് പിൻവാങ്ങുക, അതിന്റെ ഫലമായി പാവപ്പെട്ടവർക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുക എന്ന ഒരു ചിന്ത ഉണ്ടായിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പാവപ്പെട്ടവർ വിദ്യാഭ്യാസ രംഗത്ത് ഇല്ലാതാകും. അതാണ് ഇത്തരം ഒരു ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ തത്ക്കാലം അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

(4) 2003-ലെ കേരള സംസ്ഥാന എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്ത് ഓപ്പറേറ്റിംഗ് ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2003-ലെ കേരള സംസ്ഥാന എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്ത് ഓപ്പറേറ്റിംഗ് ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.എ.വാഹീദ്: സർ, ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം.ഹസ്സൻ): സർ, ഞാൻ എതിർക്കുകയാണ്. കാരണം എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്തിലെ ഓപ്പറേറ്റിംഗ് ജോലികൾ ചെയ്യുന്നവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്താനും പെൻഷൻ കൊടുക്കാനുമുള്ള നിർദ്ദേശമാണ് ഈ ബില്ലിലൂടെ അദ്ദേഹം ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾത്തന്നെ സർക്കാരിന്റെ പരിഗണനയിലുള്ള കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ ക്ഷേമനിധിയിൽ ഇവർക്കും അംഗങ്ങളാകാവുന്നതാണ്. ഇപ്പോൾ കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് ഉണ്ട്. അതിലും ഇവർക്ക് മെമ്പർമാരായി ചേരാവുന്നതാണ്. മാത്രമല്ല, ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത് ഓരോ മാസവും രണ്ട് രൂപ വീതം തൊഴിലാളിയും ശമ്പളത്തിന്റെ അഞ്ച് ശതമാനം തൊഴിലുടമയും അംശദായം നൽകണമെന്നാണ്. അങ്ങനെയുള്ള ഒരു ക്ഷേമനിധി രൂപീകരിക്കുകയെന്നു പറഞ്ഞാൽ സാമ്പത്തികമായി ആ ക്ഷേമനിധിക്ക് യാതൊരു നിലനിൽപ്പും ഉണ്ടാവില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾക്കുതന്നെ ഭാരിച്ച തുക ചെലവാക്കേണ്ടിവരുന്ന ഒരു സാഹചര്യം ഉണ്ടെന്നുള്ളത് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ അറിയാവുന്ന എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly